"ഭരണഭാഷ മാതൃഭാഷ"

RCS/66/2025-AEL(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 24-08-2026

## സർക്കുലർ നമ്പർ 28/2026

വിഷയം: സഹകരണ വകുപ്പ് – പ്രാഥമിക സഹകരണ സംഘങ്ങൾ /ബാങ്കുകളിലെ കുടിശ്ശിക നിവാരണം– ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026"-പദ്ധതിയുടെ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 06.06.2026 ലെ 19/2026 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 01.08.2026 ലെ 24/2026 നമ്പർ സർക്കുലർ

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ / ബാങ്കുകളിൽ 2026 ജൂൺ 01 മുതൽ 2026 ആഗസ്റ്റ് 31 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി **"ആശ്വാസ് 2026"** നടപ്പിലാക്കുന്നത് സംബന്ധിച്ച് സൂചന(1) പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതോടൊപ്പം ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായ കൂടുതൽ സഹകാരികളിലേക്ക് എത്തിക്കുന്നതിനും ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി നിശ്ചയിച്ചിരുന്ന വിവിധ കമ്മിറ്റികൾ പുന: സംഘടിപ്പിച്ചും ടി കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണ്ണയിച്ചുകൊണ്ടും സൂചന (2) പ്രകാരവും സർക്കുലർ നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

മൺസൂൺ കാലത്തുണ്ടായ തീവ്രമായ മഴക്കെടുതി, ആഗസ്റ്റ് മാസത്തിലെ തുടർച്ചയായ ഓണാവധി തുടങ്ങിയ കാരണങ്ങളാൽ സഹകാരികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ലായെന്നും ഈ പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്നും വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാരുടെ പരാമർശം (2) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി പദ്ധതിയുടെ കാലാവധി 2026 സെപ്റ്റംബർ 1 മുതൽ 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചുകൊണ്ട് അനുമതി നൽകുന്നു. ഈ പദ്ധതിയുടെ പ്രയോജനം പരമാവധി സഹകാരികൾക്കും ലഭിക്കുന്നതിന് ആവശ്യമായ പ്രചരണം നൽകുന്നുണ്ട് എന്ന് അതാത് അസിസ്റ്റന്റ് രജിസ്ട്രാർ /ജോയിന്റ് രജിസ്ട്രാർ (ജനറൽ )മാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)

**ഇമ്പശേഖർ.കെ ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും

   (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

   (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)

8. എല്ലാ സഹകരണ സംഘം പ്രസിഡണ്ട് /ചീഫ് എക്സിക്യൂട്ടീവ് മാർക്കും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)

12.സ്റ്റോക്ക് ഫയൽ , സ്പെയർ

Digitally signed by
Smitha J V
Date: 24-08-2026
11:18:54